

THURSDAY 06/02/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/02/2025

1. ഗവൺമെൻറ് ഓറഞ്ച് & ആൻറ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയുടെ നേതൃത്വത്തിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് NATOURA '25 എന്ന പേരിൽ ഫെബ്രുവരി 6 മുതൽ 10 വരെ സംഘടിപ്പിക്കുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, ശില്പശാലകൾ, ഫ്ളവർ ഷോ, പോളിഹൗസ് ഹൈടെക്ക് കൃഷി & ഓപ്പൺ പ്രിസിഷൻ ഫാമിംഗ് പ്ലോട്ടുകളുടെ സന്ദർശനം, സ്ട്രോബെറി കൃഷി, പാഷൻ ഫ്രൂട്ട് കൃഷി തുടങ്ങിയ പഴവർഗ കൃഷിയിട സന്ദർശനം, കാർഷിക ക്വിസ് മത്സരം, കുതിര സവാരി, കലാ കായിക മത്സരങ്ങൾ, കലാവിരുന്നുകൾ, ഭക്ഷ്യമേള തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ് മത്സരങ്ങൾ, ഔഷധ സസ്യ കൃഷിയും സംരക്ഷണവും എന്ന വിഷയത്തിലുള്ള സെമിനാർ, യുവ കർഷകർക്കായുള്ള ഹൈടെക്ക് കൃഷി പരിശീലന പരിപാടി, ഫാം ആൻറ് ഇക്കോ ടൂറിസം വർക്ക് ഷോപ്പ്, 'നെല്ലിയാമ്പതി ഇന്നലെ ഇന്ന് നാളെ' വിഷയത്തിലൂന്നിയുള്ള ഓപ്പൺ ഫോറം, വൈകുന്നേരങ്ങളിൽ കലാവിരുന്നുകൾ, വോളിബോൾ ടൂർണമെൻറ് മുതലായ വൈവിധ്യമാർന്ന പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. ഈപരിപാടിയുടെ ഉദ്ഘാടന കർമ്മം 06.02.2025ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നതാണ്. നെന്മാറ നിയോജകമണ്ഡലം എം.എൽ.എ. കെ .ബാബു ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു .

2. മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ് പുതുക്കി നൽകുന്നു മത്സ്യബന്ധന യാനങ്ങൾക്കും കാർഷികാവശ്യത്തിനുമുള്ള മണ്ണെണ്ണ പെർമിറ്റ് 2025 വർഷത്തേക്ക് പുതുക്കി നൽകുന്നു. പെർമിറ്റുകൾ പുതുക്കുന്നതിനായി അപേക്ഷകർക്ക് നിശ്ചിത ഫീസ് സഹിതം

ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാർക്ക് അപേക്ഷ നൽകാമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. ഫോൺ: 0495-2370655.

3. മത്സ്യ ഉല്പന്ന സംരംഭകർക്കായി സീ-ഫിഷ് ഫെസിലിറ്റി സെൻറർ ആരംഭിക്കുന്നു

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നബാർഡിൻ്റെ ധനസഹായത്തോടെ മത്സ്യ ഉൽപ്പന്ന സംരംഭകർക്കുവേണ്ടി പുതിയ ഫെസിലിറ്റി സെൻ്റർ ആരംഭിക്കാൻ ധാരണയായി. സെൻറർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നോവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബ് എന്നറിയപ്പെടുന്ന പുതിയ സെൻ്ററിൻ് ചുരുക്ക പേര് കടൽ മത്സ്യത്തെ സൂചിപ്പിക്കും വിധം CE-FISH (സീഫിഷ്) എന്നാണ്. കുസാറ്റിൻ്റെ എറണാകുളം ലേക്ക്സൈഡ് ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലാണ് 'സീ-ഫിഷ്' സ്ഥാപിക്കുന്നത്. സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി നബാർഡ് 25 ലക്ഷംരൂപയും, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല 2.7 ലക്ഷംരൂപയും നൽകും.

**പരിശീലന പരിപാടി**

4. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി 14 മുതൽ 15 വരെ 2 ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 12.02.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

5. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അംശാദായം സ്വീകരിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിൽ ഫെബ്രുവരി നാല് മുതൽ 27 വരെ സിറ്റിംഗ് നടത്തുന്നു. കടപ്പുറം (ഫെബ്രുവരി 4), മതിലകം (ഫെബ്രുവരി 7), എളവള്ളി (ഫെബ്രുവരി 11), പാവറട്ടി, വെങ്കിടങ്ങ് (ഫെബ്രുവരി 13 ), ചൂണ്ടൽ, കണ്ടാണശ്ശേരി (ഫെബ്രുവരി 15), പടിയൂർ (ഫെബ്രുവരി 18) പുത്തൻചിറ (ഫെബ്രുവരി 20), താന്ന്യം (ഫെബ്രുവരി 22), മാടക്കത്തറ (ഫെബ്രുവരി 25), എടത്തിരുത്തി (ഫെബ്രുവരി 27), എന്നീ പഞ്ചായത്തുകളിൽ രാവിലെ 10 മുതൽ വൈകീട്ട മൂന്നുവരെയാണ് സിറ്റിംഗ്. മുൻ വർഷങ്ങളിൽ അംശാദായം ഓൺലൈൻ മുഖേന അടയ്ക്കാത്ത അംഗങ്ങളുടെ ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ഫോൺ നമ്പർ, ജനന തിയതി എന്നിവ സിറ്റിംഗിന് ഹാജരാക്കണം.

6. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു; വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ

(MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

7. കേരള കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ സെൻ്ററർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആന്റ് ടെക്നോളജി ട്രാൻസ്ഫറിന്റെയും(സി.എ).ഐ.റ്റി.റ്റി) ഹൈദരാബാദ് മാനേജിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന അഗ്രി ക്ലിനിക് ആന്റ് അഗ്രി ബിസിനസ് സെന്റേഴ്സ് സ്കീമിൻ്റെ ഭാഗമായി 45 ദിവസത്തെ റസിഡൻഷ്യൽ പരിശീലനത്തിന് സന്നദ്ധരായിട്ടുള്ള സംരംഭകരിൽ നിന്നും, സംരംഭം ആരംഭിക്കാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. 2025 ഫെബ്രുവരി 7 ആണ് അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി. കൃഷി അനുബന്ധ ശാസ്ത്ര വിഷയങ്ങളിൽ ചില നിബന്ധനകളോട് കൂടി പന്ത്രണ്ടാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ജയിച്ചവർക്ക് ഇതിലേക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബാങ്കിൽ നിന്ന് ലോണെടുത്ത് സംരംഭം മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്. വ്യക്തികൾക്ക് 20 ലക്ഷം രൂപ വരെയും, 5 അംഗങ്ങൾ ഉള്ള ഗ്രൂപ്പുകൾക്ക് ഒരു കോടി രൂപ വരെയും ഈ സ്കീം പ്രകാരം ബാങ്ക് വായ്പ ലഭിക്കുന്നതായിരിക്കും. പൊതുവിഭാഗത്തിൽ ഉള്ളവർക്ക് വായ്പ തുകയുടെ 36% തുക സ ബ്സ്ലിഡിയായി ലഭിക്കുന്നതാണ്. വനിതകൾക്കും എസ്.സി/എസ്.ടി വിഭാഗങ്ങളിൽ ഉള്ളവർക്കും ആകെ പ്രേജക്ട് തുകയുടെ 44% വരെ സബ്സ്സിഡിയായി ലഭിക്കുന്നതാണ്. ഈ സ്കീമിനിനെകുറിച്ച് കൂടുതൽ വിവരങ്ങൾക്കും, പരിശീലനത്തിന് രജിസ്റ്റർ ചെയ്യാനുമായി 9447495778, 8891540778 എന്നീ ബന്ധപ്പെടാവുന്നതാണ്. നമ്പറുകളിൽ അനുബന്ധ വിവരങ്ങൾ https://www.agriclinics.net/ എന്ന വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2025 ഫെബ്രുവരി 10 ന് വെള്ളായണി സി.എ.ഐ.റ്റി.റ്റി (കൈറ്റ്, വെള്ളായണി) ആസ്ഥാനത്ത് വച്ച് പരിശീലനാർത്ഥികളുടെ സ്ക്രീനിങ്ങും ഉണ്ടായിരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം